Malayalam | മലയാളം

Australian Government

Aged Care Quality and Safety Commission

Engage
*Empower*
**Safeguard**



# ഒരു വയോജന പരിചരണ ദാതാവിനെ കുറിച്ചോ, വർക്കറെ കുറിച്ചോ അല്ലെങ്കിൽ ഉത്തരവാദിത്തമുള്ള വ്യക്തിയെ കുറിച്ചോ നിങ്ങൾക്ക് ആശങ്കകളുണ്ടോ?

**നിങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും ചെയ്യാൻ കഴിയും.** നിങ്ങൾക്കോ മറ്റാരെങ്കിലുമോ ലഭിക്കുന്ന വയോജന പരിചരണത്തെ കുറിച്ച് നിങ്ങൾക്ക് ആശങ്കകളുണ്ടെങ്കിൽ, നിങ്ങൾക്ക് അത് നിങ്ങളുടെ ദാതാവിനോടോ ഞങ്ങളോടോ ഉന്നയിക്കാവുന്നതാണ്.

ഒരു പരാതി സമർപ്പിക്കുന്നതിന് നിങ്ങൾക്ക് അവകാശമുണ്ട്. ആദ്യം നിങ്ങളുടെ ദാതാവിന്റെ പക്കൽ നിങ്ങളുടെ ആശങ്കകൾ ഉന്നയിക്കാനോ പരാതി നൽകാനോ നിങ്ങളെ ഞങ്ങൾ പ്രോത്സാഹിപ്പിക്കുന്നു. പലപ്പോഴും ഒരു പരാതി പരിഹരിക്കാനുള്ള ഏറ്റവും എളുപ്പവും വേഗമേറിയതുമായ മാർഗ്ഗമാണിത്, ഇത് നിങ്ങളുടെ ദാതാവിന് അവരുടെ സേവനം മെച്ചപ്പെടുത്താനുള്ള അവസരം നൽകുകയും ചെയ്യുന്നു. പരാതി നൽകുന്നത് ആർക്കും അസ്വസ്ഥതയോ താൻ ചെയ്യുന്നത് തെറ്റാണെന്ന തോന്നലോ ഉണ്ടാക്കരുത്.

**ഈ സേവനത്തിനുള്ളിലെ നിങ്ങളുടെ പ്രാദേശിക സമ്പർക്കം:**

ഇത് ചെയ്യുന്നത് അത്ര സുഖപ്രദമായി നിങ്ങൾക്ക് തോന്നുന്നില്ലെങ്കിലോ ഒരു പരാതി പരിഹരിക്കുന്നതിനായി നിങ്ങളുടെ ദാതാവിനെ  കണ്ടെത്താൻ ബുദ്ധിമുട്ടുണ്ടെങ്കിലോ, സൗജന്യ ഉപദേശത്തിനോ സഹായത്തിനോ വേണ്ടി **1800 951 822 എന്ന നമ്പറിൽ ഏജഡ് കെയർ ക്വാളിറ്റി ആൻഡ് സേഫ്റ്റി കമ്മീഷനെ** ബന്ധപ്പെടുക. ഒരു വയോജന പരിചരണ ദാതാവിനെ കുറിച്ചോ, വർക്കറെ കുറിച്ചോ, ഉത്തരവാദിത്തമുള്ള വ്യക്തിയെ കുറിച്ചോ ഞങ്ങളുടെ പക്കൽ പരാതി നൽകാനോ ഫീഡ്ബാക്ക് നൽകാനോ നിങ്ങൾക്ക് കഴിയും. നിങ്ങൾ ഫീഡ്ബാക്ക് നൽകുമ്പോൾ, നിങ്ങൾക്ക് ആശങ്കയുള്ള കാര്യങ്ങൾ എന്തൊക്കെയാണെന്ന് ഞങ്ങളോട് പറയാൻ കഴിയും, എന്നാൽ ഞങ്ങൾ ആ ഫീഡ്ബാക്ക് എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നതിൽ നിങ്ങൾ ഭാഗമാകേണ്ടതില്ല. നിങ്ങൾക്ക് താൽപ്പര്യമുണ്ടെങ്കിൽ, നിങ്ങളുടെ ആശങ്കകൾ അജ്ഞാതമായോ രഹസ്യാത്മകമായോ പങ്കിടാവുന്നതാണ്.

നിങ്ങളുടെ ആശങ്ക ഉന്നയിക്കാൻ പിന്തുണ ആവശ്യമുണ്ടെങ്കിൽ, ഒരു സൗജന്യ അഡ്വക്കേറ്റിന് സഹായിക്കാനായേക്കും. ഓൾഡർ പേഴ്സൺസ് അഡ്വക്കസി നെറ്റ്‌വർക്കിനെ (OPAN) അവരുടെ ഏജ്ഡ് കെയർ അഡ്വക്കസി ലൈനായ **1800 700 600** എന്ന നമ്പറിൽ വിളിക്കുക.

ഞങ്ങളുമായി സംസാരിക്കാൻ ഒരു ദ്വിഭാഷിയെ ആവശ്യമുണ്ടെങ്കിൽ, **131 450** എന്ന നമ്പറിൽ ട്രാൻസ്ലേഷൻ ആൻഡ് ഇന്റർപ്രെറ്റിംഗ് സർവീസിനെ വിളിക്കുക.


**ഫോൺ**
1800 951 822

**ഇമെയിൽ**
info@agedcarequality.gov.au

**വെബ്**
agedcarequality.gov.au

**എഴുതുക**
നിങ്ങളുടെ തലസ്ഥാന നഗരിയിൽ സ്ഥിതി ചെയ്യുന്ന
Aged Care Quality and Safety Commission, GPO Box 9819